# ദൈവമഹത്വത്തിനായി കാത്തിരിക്കുക

## സദൃശ്യവാക്യങ്ങൾ 19:21

"മനുഷ്യന്റെ ഹൃദയത്തിൽ പല വിചാരങ്ങൾ ഉണ്ട്. യഹോവയുടെ ആലോചനയോ നിവൃത്തിയാക്കും."

മനുഷ്യഹൃദയം എന്നുപറയുന്നത് നാനാവിധ വിചാരങ്ങളുടെ കലവറ തന്നെ ആകുന്നു. അതുകൊണ്ടുതന്നെ വിചാരങ്ങളും ചിന്തകളും നന്നല്ല അഥവാ ചീത്തയാണ് എന്നു പറയാൻ സാധിക്കില്ല. നമുക്ക് ഹൃദയത്തിൽ അനേക കാര്യങ്ങളുടെ പദ്ധതി ആവിഷ്ക്കരിക്കാം. പക്ഷേ അപ്പോളൊക്കെ ക്രിസ്തുവാക്യത്തിലൂടെ ശലോമോൻ ഓർമ്മിപ്പിക്കുന്ന ഒരു കാര്യമുണ്ട്. സർവ്വാധിപതിയായ ദൈവത്തിന്റെ കൈയ്യൊപ്പ് ഇല്ലാതെ ഒരു പദ്ധതിയും, ആലോചനയും സഫലമാകുന്നില്ല. ഹൃദയവിചാരങ്ങളുടെ ആകെ തുക എന്തെന്ന് സർവ്വശക്തനായ ദൈവം നമുക്ക് വെളിപ്പെടുത്തണം. തമ്പുരാന്റെ പരമാധികാരത്തെ അഥവാ ദൈവത്തിന്റെ സർവ്വാധിപത്യത്തെ അംഗീകരിച്ചുകൊണ്ട് ജീവിതത്തെ നിയന്ത്രിക്കണം. കർത്താവ്, മാർത്തയോട് പറയുന്നതും അങ്ങനെതന്നെ ആകുന്നു. ലൂക്കോസ് 10:41 (മാർത്തയേ മാർത്തയേ നീ പലതിനെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയുമിരിക്കുന്നു). അതുകൊണ്ട് പലവിധ വിചാരങ്ങളാൽ മനം കലങ്ങുവാൻ ദൈവം തന്റെ മക്കളെ അനുവദിക്കുന്നില്ല. വിചാരങ്ങളാൽ മനം കലങ്ങുന്നുവെങ്കിൽ അതിന്റെ നിയന്ത്രണം ഇപ്പോഴും നമ്മുടെ പക്കൽ തന്നെ ആകുന്നു.

2020 എന്ന കഴിഞ്ഞുപോയ വർഷം ലോകത്തോടും ലോകജനതയോടും വിളിച്ചു പറഞ്ഞ സത്യം ഇതുതന്നെയാകുന്നു. ക്ഷണികനായ മനുഷ്യാ നീ പലവിധ വിചാരങ്ങളാൽ ജീവിതത്തെ നിയന്ത്രിക്കുന്നു. എവിടെയും തിരക്ക്, ഒന്നിനും സമയം ലഭ്യമാകുന്നില്ല. പദ്ധതികൾ വരും വർഷങ്ങളിലേക്കും കാലങ്ങളിലേക്കും വരെ തീരുമാനിച്ചിരിക്കുന്നു. ജീവിതചക്രത്തിന്റെ ഓട്ടം എല്ലായിടത്തും ഒരു നിമിഷംകൊണ്ടു നിലച്ചു. അതേ "യഹോവയുടെ ആലോചനയേ നിവൃത്തിയാകൂ." ഈ സത്യം ഇനിയെങ്കിലും നമുക്ക് അതിന്റെ പൂർണ്ണഗൗരവത്തോടെ ഏറ്റെടുത്ത് ജീവിക്കാം. ലോകത്തിനുവേണ്ടി പ്രാർത്ഥിക്കാം. സങ്കീർത്തനക്കാരൻ പറയുന്നതുപോലെ "കിഴക്കു നിന്നുമല്ല, പടിഞ്ഞാറു നിന്നുമല്ല, തെക്കുനിന്നുമല്ല ഉയർച്ച വരുന്നത്" അതേ സകലത്തിന്റെയും നിയന്ത്രിതാവ് സർവ്വാധിപതിയായ ദൈവം മാത്രമാകുന്നു.

യോസേഫിനെ തന്റെ സഹോദരന്മാർ പൊട്ടക്കിണറ്റിൽ തള്ളിയിട്ടത് അവരുടെ ഹൃദയത്തിൽ ഉരുത്തിരിഞ്ഞ അനേക ചിന്തകളുടെ വെളിച്ചത്തിലാണ്. എന്നാൽ എന്റെ

സഹോദരന്മാരുടെ തന്നെ ക്ഷേമത്തിനുവേണ്ടി, ദൈവം ആ പദ്ധതി ഒരുക്കിയെന്ന് യോസേഫിനു പറയാൻ സാധിച്ചു. പൊട്ടക്കിണറിനോ, കാരാഗൃഹത്തിനോ ഒന്നും, ദൈവീക പദ്ധതികൾക്ക് മേലെ കടക്കാൻ പറ്റില്ല. ദാവീദിന്റെ ജീവിതത്തിലും അവൻ ഒരു രാജാവാകാൻ അനുഭവിച്ച ബുദ്ധിമുട്ടുകളും സമ്മർദ്ദവും എത്രയാണെന്ന് നമുക്കറിയാം. ദൈവം തനിക്ക് വാഗ്ദത്വം ചെയ്ത രാജത്വം, ലഭ്യമാകും വരെ അവൻ കാത്തിരുന്നു. മാനുഷികമായ പല വഴികളും, തന്ത്രങ്ങളും ഒക്കെ അതിനിടയിൽ അവനു തക്കം പാർത്തു വന്നു. ശൗലിനെ നശിപ്പിക്കുകതന്നെ ചെയ്യാമായിരുന്നു. എന്നാൽ ദൈവീകപദ്ധതി അവൻ 30–ാം വയസ്സിൽ രാജാവാകുക എന്നതായിരുന്നു. ദൈവമഹത്വം ജീവിതത്തിൽ വെളിപ്പെടുവാൻ ദാവീദ് അവന്റെ സർവ്വാധിപത്യത്തിന് ഏല്പിച്ചുകൊടുത്തു.

പ്രിയരേ, ജീവിതത്തിന്റെ ഓരോ നിമിഷവും നമുക്ക് ഓരോ വെല്ലുവിളിയാണ്. അത് മാറിയും മറിഞ്ഞും കൊണ്ടിരിക്കുന്നതുമാണ്. അതുകൊണ്ട് ജീവിതത്തെപറ്റി ഒരു ദർശനം ദൈവപൈതലിന് തീർച്ചയായും ഉണ്ടായിരിക്കണം. 2 കൊരി. 4:7 ൽ പറയുന്നതുപോലെ ദൈവത്തിന്റെ അത്യന്തശക്തി നമ്മുടെ ശരീരത്തിൽ അവന്റെ ദാനമായി നിക്ഷേപിച്ചിരിക്കുന്നു. ഈ പരിശുദ്ധാത്മാശക്തി ആയിരിക്കണം നമ്മുടെ നിയന്ത്രിതാവ്. ജഡത്തിന്റെ ഇഷ്ടത്തിൽനിന്നും താല്പര്യത്തിൽ നിന്നും സ്വയത്തിൽനിന്നും ഒന്നും നമ്മെ നിയന്ത്രിക്കുവാൻ ഇടവരരുത്.

ജീവിതത്തിന്റെ ഓരോ വിചാരങ്ങളും, വികാരങ്ങളും, താല്പര്യങ്ങളും ആഗ്രഹങ്ങളുമെല്ലാം തക്കസമയത്ത് അവന്റെ ആലോചനക്കൊത്ത് നമുക്ക് നിവൃത്തിച്ചുതരും. അപ്പോൾ അതിന്റെ നന്മ ഏറ്റം സമാധാനത്തോടും സന്തോഷത്തോടും അനുഭവിക്കാൻ കർത്താവ് നമ്മെ സഹായിക്കും. അതേ പലവിധ വിചാരങ്ങളാൽ നിറഞ്ഞതാണെങ്കിലും എല്ലായ്പ്പോഴും തുറന്നഹൃദയത്തോടെ മറിയയെപ്പോലെ നല്ല അംശം പറ്റിക്കൊണ്ട് അവന്റെ വാക്കിനായി ആ പാദപീഠം ചുംബിക്കാം.

പരാമർശം:
ഹബക്കൂക് 3:3

ദർശനത്തിന്നു ഒരു അവധിവെച്ചിരിക്കുന്നു; അതു സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു; സമയം തെറ്റുകയുമില്ല; അതു വൈകിയാലും അതിന്നായി കാത്തിരിക്ക; അതു വരും നിശ്ചയം; താമസിക്കയുമില്ല.

സിസ്റ്റർ ബിന്ദു റെജി അയ്മനം 139